**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5419** **21-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കായിക രംഗത്തെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും കായികയുവജനകാര്യാലയത്തിന്റെ കീഴിൽ കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**<br><br>**കായിക വകുപ്പിലെ വിവിധ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായി 2016-17, 2017-18 വർഷങ്ങളിൽ വിവിധ ഘട്ടങ്ങളിലായി കിഫ്ബി ധനസഹായത്തോടു കൂടി 800 കോടിയോളം രൂപയുള്ള 59 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, കണ്ണൂർ, ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, തൃശ്ശൂർ, കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട, പറളി സ്കൂൾ, പാലക്കാട്, എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം, തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്, പാലക്കാട്, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, ആലപ്പുഴ, മട്ടന്നൂർ സ്റ്റേഡിയം, കണ്ണൂർ, വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**കായിക യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചു കൊണ്ട് 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പൊതുമേഖല കമ്പനി 2021 ഒക്ടോബർ 01 ന് രൂപീകരിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാനത്തെ കായിക അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായിട്ടാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്.** |

സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തിയിരുന്ന എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതലയും കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വവും സ്പോർട്സ് കേരള ഫൗണ്ടേഷനാണ്.

സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകൃതമായതിനു ശേഷം 2021 നവംബറിൽ കോഴിക്കോട് വച്ച് നടന്ന ദേശീയ വനിതാ ഫുട്ബോൾചാമ്പ്യൻഷിപ്പിനും, 2022 ഏപ്രിലിൽ മലപ്പുറത്ത് വച്ച് നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെൻറിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ടൂർണമെൻറുകൾ വിജകരമായി സംഘടിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് കായിക വകുപ്പിനുകീഴിലും ഇതര സർക്കാർ സ്ഥാപനങ്ങൾക്ക് കീഴിലുമായി മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏകദേശം 80 ലക്ഷം രൂപയുടെ കായിക ഉപകരണങ്ങളുടെ പർച്ചേസ് പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്ദേശം 15 കോടി രൂപയുടെ സ്പോർട്സ് ഉപകരണങ്ങളുടെ പർച്ചേസിനുള്ള ദർഘാസ് നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു.

കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് 11.05.2022-ന് സർക്കാർ ഉത്തരവായിട്ടുണ്ട്. 485 കോടി രൂപ അടങ്കൽ തുക വരുന്ന 20 പ്രവൃത്തികൾ കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി എസ്.കെ.എഫ് മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും കിഫ്ബി പദ്ധതിയിൽ പൂർത്തീകരിക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ മാനേജ്മെന്റ്/മെയിന്റനൻസ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>വനിതാ ഫുട്ബോൾ അക്കാഡമി</u>

ബഹു.മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി അണ്ടർ 14 വിഭാഗത്തിൽ ഉൾപ്പെടുന്ന വനിതാ കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി തിരുവനന്തപുരം,

| | | | |
|---|---|---|---|
| | | | **എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിൽ വച്ച് സെലക്ഷൻ ട്രയൽസ് നടത്തി, തെരഞ്ഞെടുക്കപ്പെട്ട 15 കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. മികച്ച താമസ സൗകര്യം, ഹോസ്റ്റൽ മെനുപ്രകാരം പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണം എന്നിവ നൽകുന്നതോടൊപ്പം പഠനത്തിനാവശ്യമായ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.**<br><br>**അവശത അനുഭവിക്കുന്ന മുൻകാല കായികതാരങ്ങൾക്ക് പ്രതിമാസം 1300/-രൂപ നിരക്കിൽ അവശ കായികതാര പെൻഷൻ അനുവദിച്ച് വരുന്നുണ്ട്.**<br><br>**ദേശീയ അന്തർ ദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്ന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം വരെയുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2019 സാമ്പത്തിക വർഷം മുതലുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.**<br><br>**കേരളത്തിലെ സർവ്വകലാശാലകളിലെ കായികതാരങ്ങളുടെ പ്രോത്സാഹനാർത്ഥം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2022 ജൂൺ 4, 5,6 തീയതികളിലായി എറണാകുളത്തെ വിവിധ സ്ഥലങ്ങളിൽ വച്ച് സംസ്ഥാന സ്പോർട്സ് ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.** |
| (ബി) | കായിക രംഗത്തെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | **കായിക രംഗത്തെ കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

## മുൻ സർക്കാരിൻറെ നേട്ടങ്ങൾ

### കേരള ഷൂട്ടിംഗ് അക്കാദമി

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. നാഷണൽ റൈഫിൾ അസോസിയേഷനുമായുള്ള കരാറിൻറെ അടിസ്ഥാനത്തിൽ ഒരു ഹെഡ് കോച്ച്, 3 അസിസ്റ്റന്റ് കോച്ച് എന്നിവർ ചേർന്ന് പരിശീലനം നൽകി വരുന്നു.

### ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുത്തവർക്കാണ് പരിശീലനം നൽകിയിട്ടുള്ളത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വെച്ച് നടത്തപ്പെട്ടു. കോവിഡ്-19 രോഗവ്യാപനം കുറക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്ത് സ്കൂളുകൾ അടച്ചിട്ടതിനാൽ ഗ്രൗണ്ടിലുള്ള പരിശീലനം നിർത്തി വക്കുകയും ഓൺലൈനായി പരിശീലനം നൽകിവരികയും ചെയ്തിട്ടുണ്ട്. 789 കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

### പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജനുവരി 25ന് കണ്ണൂർ തളാപ്പ് മിക്സഡ് യു.പി. സ്കൂളിൽ വച്ച് നടത്തി.

### ഫിഫ അണ്ടർ 17 ലോകകപ്പ്

2017 ഒക്ടോബർ 6 മുതൽ 28 വരെ ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിലായി നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരങ്ങളുടെ കേരളത്തിലെ വേദി കൊച്ചിയിലെ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയമായിരുന്നു. ഇരുപത്തിനാല് രാജ്യങ്ങൾ പങ്കെടുത്ത ഈ മത്സരങ്ങളിൽ കൊച്ചിയിൽ അഞ്ച് മത്സര ദിനങ്ങളിലായി 8 മത്സരങ്ങൾ നടക്കുകയും മികച്ച സംഘാടനത്തിന് ഫിഫയുടെ പ്രത്യേക പരാമർശത്തിനർഹമാകുകയും ചെയ്തു.

### കിക്കോഫ്

ഫുട്ബോൾ കളിയിൽ താൽപര്യമുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി

വളർത്തിയെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. ഒരു കേന്ദ്രത്തിൽ 25 കുട്ടികൾ വീതമുള്ള 19 സെൻററുകളിലായി 475 വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്. ഇതിനു പുറമേ പെൺകുട്ടികൾക്കായി ആരംഭിച്ച 14 സെൻററുകളിലേക്ക് 350 വിദ്യാർത്ഥിനികളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

**സ്പ്ലാഷ്**

സംസ്ഥാനത്തെ 8-നും 18-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് നീന്തലിൻറെ പ്രാഥമിക പരിശീലന ശേഷി പ്രദാനം ചെയ്ത് വെള്ളത്തിൽ വീണുള്ള അപകടങ്ങളിൽ നിന്നും രക്ഷപ്പെടാൻ പ്രാപ്തരാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്ലാഷ്. കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കി.

**ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്**

അന്താരാഷ്ട്ര നിലവാരമുള്ള കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ദേശീയ തലത്തിൽ സംഘടിപ്പിച്ച് വരുന്ന കായികമേളയാണ് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്. ദേശീയ തലത്തിൽ വിവിധ കായികയിനങ്ങളിൽ മികവ് തെളിയിച്ച കായികതാരങ്ങളെ മാത്രം പങ്കെടുപ്പിച്ചു കൊണ്ട് അവരിലെ മികവുറ്റവരെ കണ്ടെത്തുകയും അന്താരാഷ്ട്ര തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് പ്രോത്സാഹനം നൽകുകയുമാണ് പ്രസ്തുത മേളയുടെ ലക്ഷ്യം. 2019 ജനുവരി 9 മുതൽ 20 വരെ പൂനെയിൽ വച്ച് നടന്ന ഗെയിംസിൽ കേരളത്തിന് 12 സ്വർണ്ണം,16 വെള്ളി, 30 വെങ്കലം ഉൾപ്പടെ 58 മെഡലുകളും 2020 ജനുവരി 10 മുതൽ 20 വരെ ഗുവാഹത്തിയിൽ വച്ച് നടന്ന ഗെയിംസിൽ കേരളത്തിന് 15 സ്വർണ്ണം, 5 വെള്ളി, 20 വെങ്കലം ഉൾപ്പടെ 40 മെഡലുകളും ലഭിച്ചിട്ടുണ്ട്.

**അന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ**

കായികരംഗത്തെ പുത്തൻ സാധ്യതകളും ഉപകരണങ്ങളും സാങ്കേതിക വിദ്യകളും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും കായിക മേഖലയിലെ വാണിജ്യ വ്യവസായ സാധ്യതകൾ പരിശോധിക്കുന്നതിനും സംസ്ഥാന കായികയുവജനകാര്യാലയത്തിൻറെ ആഭിമുഖ്യത്തിൽഅന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ 2019 ഫെബ്രുവരിയിലും, 2020 ഫെബ്രുവരിയിലും തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വിജയകരമായി സംഘടിപ്പിച്ചു.

**ബീച്ച് ഗെയിംസ്**

കേരളത്തിൻറെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ്വ് നൽകുന്നതിനായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ബീച്ച് ഗെയിംസ്. 2019- 2020 വർഷം സംഘടിപ്പിച്ച ബീച്ച് ഗെയിംസ് ജില്ലാ-സംസ്ഥാനതലമത്സരങ്ങളിൽ വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ പങ്കാളികളായി. സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ എന്നിവ മുഖേനയാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്.

**സ്പോർട്സ് കേരള മാരത്തൺ**

വിദേശീയരും തദ്ദേശിയരുമായ കായികതാരങ്ങളെയും പൊതുജനങ്ങളെയും അണിനിരത്തി 2018

ഡിസംബറിൽ സ്പോർട്സ് കേരള ട്രിവാൻഡ്രം മാരത്തൺ സംഘടിപ്പിച്ചു.റൺ ഫോർ കേരള റൺ ടു റീബിൽഡ് എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി ലഭിച്ച രജിസ്ട്രേഷൻ ഫീ CMDRF ന് കൈമാറിയിരുന്നു. പരിപാടിയുടെ രണ്ടാം ഘട്ടമായി കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 2020 ഫെബ്രുവരി – മാർച്ച് മാസങ്ങളിൽ ഹാഫ് മാരത്തൺ സംഘടിപ്പിച്ചു.

**ധനസഹായം**

കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂർണമെൻറുകൾ, കോച്ചിംഗ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുമായി സർക്കാർ, എയ്ഡഡ് സ്കൂളുകൾ, കായിക സംഘടനകൾ, ക്ലബ്ബുകൾ എന്നിവക്ക് കായികവികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. അന്തർദേശീയ-ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ആധുനിക കായികോപരണങ്ങൾ വാങ്ങുന്നതിനും കായികതാരങ്ങൾക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തികസഹായം അനുവദിച്ച് വരുന്നു. കൂടാതെ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ച വെച്ച താരങ്ങൾക്ക് സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ചികിത്സസഹായം അനുവദിച്ച് നൽകാറുണ്ട്.

സന്തോഷ് ട്രോഫി ടീമംഗമായിരുന്ന കെ.പി രാഹുൽ, ദേശീയ വനിതാ ഫുട്ബോൾ താരമായിരുന്ന ആര്യശ്രീ എന്നിവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സാമ്പത്തികസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

**റീജിയണൽ മെഡിസിൻ സെൻററുകൾ**

കേരളത്തിലെ കായിക താരങ്ങൾക്ക് മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ സ്പോർട്സ് മെഡിസിൻ സെൻററുകൾ ആരംഭിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. 22-01-2020-ന് സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചു. എന്നാൽ കോവിഡ് 19 കാരണം പദ്ധതി നിർത്തിവച്ചിരുന്നു. പദ്ധതി നടത്തിപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**ബയോപ്സി ടെസ്റ്റ്**

ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം 2020-21 സാമ്പത്തിക വർഷം വാങ്ങുകയും ആയത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണം വാങ്ങിയതിന് 19,22,576/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് ന് അനുവദിച്ചു നൽകി. കോവിഡ് 19 ശേഷം കുട്ടികളെ ലഭ്യമാകുന്നതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനും ലക്ഷ്യമിടുന്നു.

**സ്പോർട്സ് സ്കൂളുകൾ**

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2017ൽ കായികവകുപ്പ് ഏറ്റെടുത്തതിനു ശേഷം ഇവയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി കളിസ്ഥലസൗകര്യങ്ങൾ, കായികഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

## ഈ സർക്കാരിൻറെ നേട്ടങ്ങൾ

ബാസ്കറ്റ്ബോൾ പരിശീലനപദ്ധതിയായ ഹൂപ്സ്, കേരള ഷൂട്ടിംഗ് അക്കാദമി എന്നിവ തുടർന്നു വരുന്നു.

## സ്പ്രിൻറ്

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിൻറെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി സ്പ്രിൻറ് എന്ന പദ്ധതി ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്പദ്ധതി . യുടെ സംസ്ഥാനതല ഉദ്ഘാടനം നടപ്പ് സാമ്പത്തിക വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

## ഹെൽത്തി കിഡ്സ്

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിൻറെയും എസ്.സി.ഇ.ആർ.റ്റി യുടെയും. 25 .സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ് സ്കൂളുകളിലായി കായികയുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 5 5 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ .നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്

കായികയുവജന കാര്യാലയത്തിന് കീഴിൽ രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതു മേഖല സ്ഥാപനം മുഖേന ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ജൂഡോക്ക

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. എട്ട് മുതൽ പതിനൊന്ന് വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 4 0 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പഞ്ച്

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തരാക്കുന്നതിനും പ്രതിഭാ വികസന ഘടനയെ താഴെത്തട്ടിൽ ശക്തിപ്പെടുത്തുന്നതിനായി, ബോക്സിംഗിനായി ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി പഞ്ച് എന്ന പേരിൽ കേരളത്തിലുടനീളമുള്ള 5 കേന്ദ്രങ്ങളിൽ ആരംഭിക്കാനാണ്

ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുട നീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്.പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചിട്ടുണ്ട്.

**ഗോൾ**

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗരഗ്രാമ പ്രദേശങ്ങളിലെയും/, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള കിക്കോഫ് പദ്ധതി വിപുലീകരിക്കുന്നതിനായി ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കിക്കോഫ് പദ്ധതി സംയോജിപ്പിച്ച് ഗോൾ എന്ന പുനർനാമകരണം ചെയ്തിട്ടുണ്ട് വൺ മില്ല്യൺ ഗോൾ ക്യാമ്പയനിലൂടെ പരമാവധി പ്രചരണം നൽകി അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധമായ തെരെഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഗോൾ എന്ന പദ്ധതിയുടെ ഭാഗമാക്കി സുദീർഘമായ ഫുട്ബോൾ പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി**

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായിപ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിൽ ഫുട്ബോൾ അക്കാഡമികൾ ആരംഭിച്ചിട്ടുണ്ട്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉള്ളത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നൽകുന്നത്. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ അക്കാദമി കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബിൻറേയും കണ്ണൂർ സ്പോർട്സ് സ്കൂളിലെ അക്കാഡമി ശ്രീ ഗോകുലം കേരള ഫുട്ബോൾ ക്ലബിൻറേയും സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്.

**ദേശീയ സീനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പ്**

ദേശീയ സീനിയർ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് കേരളം സംഘടിപ്പിച്ചു. 2021 നവംബർ 28 മുതൽ ഡിസംബർ 6 വരെ കൂത്ത്പറമ്പ് മുൻസിപ്പൽ സ്റ്റേഡിയം, കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവിടങ്ങളിലായി സംഘടിപ്പിക്കപ്പെട്ട ടൂർണമെൻറിൽ 32 ടീമുകൾ പങ്കെടുത്തു.

**സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പ്**

75-) മത് സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിന് കേരളം ആതിഥ്യം വഹിച്ചു. 2022 ഏപ്രിൽ 13 മുതൽ മെയ് 2 വരെ മഞ്ചേരി പയ്യനാട് സ്റ്റേഡിയം, മലപ്പുറം കോട്ടപ്പടി സ്റ്റേഡിയം എന്നിവിടങ്ങളിലായി സംഘടിപ്പിക്കപ്പെട്ട സന്തോഷ് ട്രോഫി ഫൈനൽ റൗണ്ടിൽ 10 ടീമുകൾ പങ്കെടുക്കുകയും കേരളം വിജയിക്കുകയും ചെയ്തു. കാണികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ടൂർണമെൻറ് ഒരു വൻ വിജയമായിരുന്നു.

**കളരിപ്പയറ്റിൻറെ പ്രോൽസാഹനം**

കളരിപ്പയറ്റിനെ ലോകനിലവാരത്തിലുള്ള ഒരു കായിക ഇനമാക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങളുടെ ഭാഗമായി കളരിപ്പയറ്റിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്ക് 24.11.2021ലെ സ.ഉ(ആർ.റ്റി) 254/2021/കായുവ പ്രകാരം 7.15 ലക്ഷത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## യംഗ് കേരള ഇൻറേൺഷിപ്പ് പരിപാടി

യുവജനങ്ങളിൽ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കുവാനും ജില്ലഭരണകൂടത്തിന് യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനുമായി ലക്ഷ്യമിട്ട് കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് യംഗ് കേരള ഇൻറേൺഷിപ്പ് പരിപാടി. പദ്ധതി നടപ്പിലാക്കുന്നതിനായി കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിയായ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്ക് 17,50,000/-രൂപ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ അനുവദിക്കുകയും ചെയ്തു.

## ധനസഹായം

കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂർണമെൻറുകൾ, കോച്ചിംഗ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുമായി സർക്കാർ, എയ്ഡഡ് സ്കൂളുകൾ, കായിക സംഘടനകൾ, ക്ലബ്ബുകൾ എന്നിവക്ക് കായികവികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. അന്തർദേശീയ-ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ആധുനിക കായികോപരണങ്ങൾ വാങ്ങുന്നതിനും കായികതാരങ്ങൾക്ക് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തികസഹായം അനുവദിച്ച് വരുന്നു.

## ഒളിമ്പ്യൻമാർക്ക് സാമ്പത്തികസഹായം

2021 ടോക്കിയോ ഒളിമ്പിക്സിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കായികതാരങ്ങൾക്ക് പരിശീലനത്തിനും മറ്റു അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമ്പത്തികസഹായം അനുവദിച്ചു. തുടർന്ന് ഒളിമ്പിക്സിൽ പങ്കെടുത്ത കായികതാരങ്ങൾക്കും മെഡൽ കരസ്ഥമാക്കിയ കായികതാരത്തിനും പ്രോൽസാഹനാർഥം സാമ്പത്തികസഹായം അനുവദിച്ചു.

## ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം

ഒളിമ്പിക്സ് പോലെയുള്ള അന്താരാഷ്ട്രമൽസരങ്ങളിൽ പങ്കെടുക്കുവാൻ യോഗ്യരായ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കായികതാരങ്ങൾക്ക് പരിശീലനത്തിനും മറ്റു അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സാമ്പത്തികസഹായം അനുവദിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം.

**<u>തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ</u>**

താഴെ തട്ടിലുള്ള വിദ്യാർത്ഥികൾക്ക് ചിട്ടയായ രീതിയിൽ ശാസ്ത്രീയമായ കായികപരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ കണ്ണൂർ സ്പോർട്സ് ഡിവിഷൻറെ മാതൃകയിൽ തൃശ്ശൂർ കുന്നംകുളം ഗവ. ഹയർ സെക്കൻററി സ്കൂളിൽ സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) |
|---|---|---|---|
| | **I-ജില്ലാ സ്റ്റേഡിയം (14 എണ്ണം)** | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 34.26 |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.77 |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 56.01 |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.88 |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 29.32 |
| 6 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 41.02 |
| 7 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | 32.55 |
| 8 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 | 33.78 |
| 9 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 35.48 |
| 10 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 | 42.72 |

| | | | |
|---|---|---|---|
| II. പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2016-17 (33 എണ്ണം) | | | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | 17.04 |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 | 18.67 |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 രണ്ട് പദ്ധതികൾക്കായി | 6.82 |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | | 8.87 |
| 5 | കൊടുമൺ സ്റ്റേഡിയം | 15.86 | 14.10 |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | 5.49 |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | 5.34 |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | 18.30 |
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | 5.75 |
| 10 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | 13.05 |
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | 9.58 |
| 12 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | 5.54 |
| 13 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | 4.97 |
| 14 | മട്ടന്നൂർ സ്റ്റേഡിയം | 5 | 4.12 |
| 15 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | 9.40 |
| 16 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 | 9.262 |
| 17 | താനൂർ സ്റ്റേഡിയം | 19.14 | 10.07 |

| | | | |
|---|---|---|---|
| 18 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 6.113 |
| 19 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 | 56.18 |
| 20 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | 7.67 |
| 21 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 4.932 |
| 22 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | 8.344 |
| 23 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | 18.00 |
| 24 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 15.83 |
| 25 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | 10.81 |
| 26 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 | 8.00 |
| 27 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | 9.69 |
| 28 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 10.64 |
| 29 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | 8.62 |
| **III. പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2017-18 (11 എണ്ണം)** | | | |
| 1 | പറളി സ്കൂൾ, പാലക്കാട് | 10 | 6.937 |
| 2 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | 5.634 |
| 3 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | 6.446 |
| 4 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | 7.05 |
| 5 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 10 | 16.29 |

| | | | |
|---|---|---|---|
| 6 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | |
| 7 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | 13.15 |
| 8 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | |
| 9 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | 6.717 |

സെക്ഷൻ ഓഫീസർ